(സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ&ബി) ഇല്ല.

(സി) പ്രസക്തമല്ല.

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രഭരണം - നിയമ നിർമ്മാണം

22 (*82) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. പത്മനാഭ സ്വാമി ക്ഷേത്രഭരണം ഗുരുവായൂർ ക്ഷേത്രഭരണ മാതൃകയിൽ നടത്താൻവേണ്ട നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ക്ഷേത്രത്തിലെ പൊതുമുതൽ നഷ്ടപ്പെട്ടുത്താനിടയായെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് അന്വേഷിച്ച് പൊതുമുതൽ വീണ്ടെടുക്കാനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്രഭരണം ഗുരുവായൂർ ക്ഷേത്രഭരണത്തിന്റെ മാതൃകയിൽ നടപ്പിലാക്കാവുന്നതാണെന്നും ഇതിനായി നിയമ നിർമ്മാണം നടത്താമെന്നും സർക്കാർ ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

(ബി) ആരാധനാലയങ്ങളിലെ സ്വത്തുക്കൾ പൊതുമുതലായി കണക്കാക്കിയിട്ടില്ല. ശ്രീ പത്മനാഭസ്വാമി ക്ഷേത്രഭരണ കാര്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ബഹു. സുപ്രീം കോടതി നിയോഗിച്ചിരുന്ന അമിക്കസ്ക്യൂറി ചില അന്വേഷണങ്ങൾ നടത്തിയതായി അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേൽ കോടതി നിർദ്ദേശമനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly